**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5402** **15-03-2023 - ൽ മറുപടിയ്ക്ക്**

**എഞ്ചിനീയറിംഗ് വിദ്യാഭ്യാസത്തെ തൊഴിലധിഷ്ഠിതമാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വിജിൻ,<br>ശ്രീ. കെ. എം. സച്ചിൻദേവ്,<br>ശ്രീ. ലിന്റോ ജോസഫ്,<br>ശ്രീമതി ഒ എസ് അംബിക | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | എഞ്ചിനീയറിംഗ് വിദ്യാഭ്യാസം കൂടുതൽ നവീകരിക്കാനും വ്യവസായ ബന്ധിതമാക്കുവാനും നവീകരണ വ്യവസായ കൗൺസിൽ ആരംഭിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; | (എ) | വ്യവസായ കൗൺസിൽ സംബന്ധിച്ച് വിശദമായ പ്രൊപ്പോസലുകൾ ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിക്കാവുന്നതാണ്. |
| (ബി) | ഗവേഷണ കൗൺസിലുകൾക്കുള്ള സ്റ്റാറ്റ്യൂട്ടറി അധികാരങ്ങൾ വ്യവസായ കൗൺസിലിനും നൽകുന്ന കാര്യം പരിഗണനയിലുണ്ടോ; | (ബി) | വ്യവസായ കൗൺസിൽ സംബന്ധിച്ച് വിശദമായ പ്രൊപ്പോസലുകൾ ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിക്കാവുന്നതാണ്. |
| (സി) | വ്യവസായങ്ങളുടെ ചെറിയ യൂണിറ്റുകൾ തന്നെ കാമ്പസിൽ പ്രവർത്തിക്കുക എന്ന വിദേശമാതൃക എഞ്ചിനീയറിംഗ് വിദ്യാഭ്യാസത്തെ കൂടുതൽ തൊഴിലധിഷ്ഠിതമാക്കുമെന്ന നിർദേശം പരിശോധിച്ചിട്ടുണ്ടോ? | (സി) | ഈ വകുപ്പിന് കീഴിലെ എല്ലാ എഞ്ചിനീയറിംഗ് കോളേജുകളിലും Technology Business Incubators (TBI) രൂപീകരിച്ചിട്ടുണ്ട്. സംസ്ഥാനത്തെ കോളേജുകളിൽ Mini Industrial Units ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട 2022-23 -ലെ ബഡ്ജറ്റ് പ്രഖ്യാപന പ്രകാരം പെരുമ്പാവൂർ സർക്കാർ പോളിടെക്ക്നിക് കോളേജിൽ ടി കേന്ദ്രം ആരംഭിക്കുന്നതിന് 116.92 ലക്ഷം രൂപയുടെ ഭരണാനുമതി 29.09.2022 ലെ സ.ഉ (സാധാ) നം. 1437/2022/ഉവിവ പ്രകാരം അനുവദിച്ചിട്ടുണ്ട്.<br><br>കൂടാതെ, സർക്കാർ എഞ്ചിനീയറിംഗ് കോളേജ്, തൃശ്ശൂർ, സർക്കാർ എഞ്ചിനീയറിംഗ് കോളേജ്, പാലക്കാട് എന്നിവിടങ്ങളിൽ Mini Industrial Units ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ